**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3937** **19.03.2018-ലെ മറുപടിക്ക്**

**'ലെക്കിടി വില്ലേജിലെ മിച്ചഭൂമി കൈയ്യേറ്റം'**

**ചോദ്യം**
**ശ്രീ. പി.ഉണ്ണി**

**മറുപടി**
**ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം താലൂക്കിലെ ലെക്കിടി വില്ലേജിൽ, മിച്ചഭൂമിയായി ഭൂരഹിതർക്ക് വിതരണം ചെയ്യേണ്ടതായുള്ള 78.31 ഏക്കർ ഭൂമി ലെക്കിടി പോളിഗാർഡൻ എന്ന സ്ഥാപനം അനധികൃതമായി കൈവശം വച്ചിരിക്കുകയാണെന്നുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഭൂമി സർക്കാരിലേക്ക് സറണ്ടർ ചെയ്യണം എന്ന് പോളിഗാർഡൻ സ്ഥാപന ഉടമകളോട് ഒറ്റപ്പാലം താലൂക്ക് ലാന്റ് ബോർഡ് ആവശ്യപ്പെട്ടിരുന്നതിന്മേൽ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) യും (സി) യും | ഒറ്റപ്പാലം താലൂക്ക് ലാൻഡ് ബോർഡിന്റെ 30/08/76-ലെ സി.സി 875/75 നമ്പർ ഉത്തരവ് പ്രകാരം ഡാൽക്കോ കാനിംഗ് ലിമിറ്റഡ്, ബാംഗ്ലൂർ എന്ന സ്ഥാപനത്തിന്റെ കൈവശത്തിലുള്ള 86.3065 ഏക്കർ സ്ഥലത്ത് നിന്നും നിയമാനുസൃതം ഇളവും കൈവശം വയ്ക്കാവുന്ന പരിധി ഭൂമിയും കഴിച്ച് ബാക്കിയുള്ള 69.4465 ഏക്കർ ഭൂമി 1963-ലെ കേരള ഭൂപരിഷ്കരണ നിയമം പ്രകാരം സർക്കാരിലേയ്ക്ക് മിച്ചഭൂമിയായി ഏറ്റെടുക്കുവാൻ ഉത്തരവായിട്ടുള്ളതാണ്. അതിനെതിരെ പോളിഗാർഡൻ എന്ന സ്ഥാപനം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന ഒ.പി.2256/98 നമ്പർ കേസിന്റെ 14/11/2005-ലെ വിധിയുടെ അടിസ്ഥാനത്തിൽ, സ്ഥാപനത്തിന്റെ അപേക്ഷ സർക്കാർ പരിശോധിക്കുകയും 23/09/2006-ലെ സ.ഉ.(ആർ.റ്റി) നം.3968/06/ആർ.ഡി. പ്രകാരം, 69.44.650 ഏക്കർ സ്ഥലത്തിന് Exemption നൽകണമെന്ന പ്രസ്തുത സ്ഥാപനത്തിന്റെ അപേക്ഷ നിരസിക്കുകയുണ്ടായി. |
| (സി) | സർക്കാർ ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ട ടി ഭൂമി അനധികൃത കൈവശത്തിൽ നിന്ന് എന്ന് ഒഴിപ്പിച്ചെടുക്കും എന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഉത്തരവിനെതിരെ സ്ഥാപനം ബഹു.ഹൈക്കോടതി മുൻപാകെ WP(C)27266/06v ആയി കേസ് ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതി 06/11/2015-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പോളിഗാർഡൻ എന്ന സ്ഥാപനത്തിന്റെ പ്രതിനിധികളെ സർക്കാർ നേരിൽ കേൾക്കുകയും ജില്ലാകലക്ടറും സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിയും നൽകിയ റിപ്പോർട്ട് പരിശോധിച്ച് പോളിഗാർഡൻ എന്ന സ്ഥാപനം ഏറ്റെടുത്ത് നടത്തിവരുന്ന ചാരിറ്റബിൾ പ്രവർത്തികൾക്ക് ആവശ്യമായി വരുന്ന ഭൂമി എത്രയെന്ന് പ്രസ്തുത സ്ഥലം സന്ദർശിച്ച് നിജപ്പെടുത്തി ശിപാർശ സമർപ്പിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>ഒറ്റപ്പാലം താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന്റെ 25/01/2018-ലെ സി.സി 875/75 നമ്പർ ഉത്തരവ് പ്രകാരം പോളിഗാർഡൻ എന്ന സ്ഥാപനത്തിന്റെ കൈവശത്തിലിരിക്കുന്ന 78.31 ഏക്കർ ഭൂമിയിൽ ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കവേ (69.4465 ഏക്കർ മിച്ചഭൂമി) ബഹു.കേരള ഹൈക്കോടതിയുടെ 07/02/2018 തീയതിയിലെ WP(C) 4284/2018 (ഐ) നമ്പർ ഉത്തരവ് പ്രകാരം ടി ഭൂമിയിലെ ഏറ്റെടുക്കൽ നടപടികൾ താല്ക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.<br><br>ടി കേസിൽ അന്തിമ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**